# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 760 — 08.11.2016 ൽ - മറുപടിക്ക്

## ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന തർക്ക പരിഹാര സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ<br>,, ജി.എസ്. ജയലാൽ<br>,, വി.ആർ. സുനിൽകുമാർ<br>,, എൽദോ എബ്രഹാം | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന തർക്ക പരിഹാര സംവിധാനങ്ങളെ കുറിച്ച് വ്യക്തമാക്കുമോ;<br><br>(ബി) സംസ്ഥാന ഭക്ഷ്യ കമ്മീഷനെ നിയമിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; | (എ) & (ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ സെക്ഷൻ 15 പ്രകാരം പൊതുവിതരണ രംഗത്തുള്ള പരാതികൾ പരിഹരിക്കുന്നതിന് ഓരോ ജില്ലയിലും ജില്ലാ തല പരാതി പരിഹാര ഓഫീസർമാരെ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള യോഗ്യതകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ നിയമിക്കണമെന്ന് അനുശാസിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല തർക്ക പരിഹാര ഓഫീസർമാരായി അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്/ഡെപ്യൂട്ടി കളക്ടർ (ജനറൽ) ചുമതല പ്പെടുത്തിയിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ സെക്ഷൻ 16 പ്രകാരം സ്റ്റേറ്റ് ഫുഡ് കമ്മീഷനെ നിയോഗിക്കണമെന്ന് അനുശാസിക്കുന്നു. സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ കമ്മീഷൻ നിലവിൽ വരുന്നതു വരെയുള്ള ചുമതല സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷന് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) നിലവിലെ ഭക്ഷ്യ ഉപദേശക സമിതിക്ക് സമാനമായി എന്ത് സംവിധാനമാണ് ഭക്ഷ്യ ഭദ്രതാ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്നറിയിക്കുമോ ? | (സി) നിയമത്തിന്റെ സെക്ഷൻ 29 പ്രകാരം എല്ലാ സംസ്ഥാനങ്ങളും 2001 ലെ പി.ഡി.എസ്. (കൺട്രോൾ ഓർഡർ) അനുശാസിക്കുന്ന രീതിയിലുള്ള വിജിലൻസ് കമ്മിറ്റികൾ സംസ്ഥാന, ജില്ലാ, ബ്ലോക്ക്, റേഷൻകട തലത്തിൽ ആരംഭിക്കുവാനുള്ള നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളണമെന്നും ഇതിലെ അംഗങ്ങളുടെ ഘടന സംസ്ഥാന സർക്കാർ നിശ്ചയിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ